(ഇ) സർക്കാർ കൈവശം ഈ ഭൂമി ലഭിക്കുന്നതിന് മുമ്പ് ഇതിന്റെ ഉടമ ആരായിരുന്നു;

(എഫ്) സർക്കാർ ഏറ്റെടുക്കുമ്പോൾ ഉടമയ്ക്ക് നഷ്ടപരിഹാരം നൽകിയിരുന്നോ;

(ജി) പൊതുവായ ഒരാവശ്യത്തിന് ഏറ്റെടുത്ത ഭൂമി ആ ആവശ്യത്തിന് വിനിയോഗിക്കുന്നില്ലെങ്കിൽ മുൻ ഉടമയ്ക്കോ അവകാശികൾക്കോ പ്രസ്തുത ഭൂമി തിരികെ ആവശ്യപ്പെടാൻ അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പേരൂർക്കട പോലീസ് സ്റ്റേഷന് വേണ്ടി.

(ബി) പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്നു.

(സി)&(ഡി) കെ.എ. കേരളീയൻ പഠന ഗവേഷണ കേന്ദ്രത്തിന് വേണ്ടി 4 സെന്റ് സ്ഥലം വില ഈടാക്കിയും ജയപ്രകാശ് സ്മാരക ട്രസ്റ്റിനുവേണ്ടി 4.250 സെന്റ് സ്ഥലം സൗജന്യമായും പതിച്ചു നൽകുകയുണ്ടായി.

(ഇ) സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് ഇതിന്റെ ഉടമ പേരൂർക്കട വില്ലേജിൽ തുരുത്തുംമൂല മുറിയിൽ ചെത്തിട്ടവിളാകത്തു വീട്ടിൽ പത്മനാഭപിള്ള ഗോപാലപിള്ള എന്ന കക്ഷി ആയിരുന്നു.

(എഫ്) ഇല്ല.

(ജി) അവകാശമില്ല.

(1518) **കുടിയേറ്റ കർഷകരുടെ കൈവശമുള്ള ഭൂമി പതിച്ചു കൊടുക്കാൻ നടപടി**

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലും ആദിവാസി സെറ്റിൽമെന്റുകളിലും കുടിയേറ്റ കർഷകർക്കുള്ള കൈവശഭൂമി പതിച്ചുകൊടുക്കുന്നതിനെ ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥലത്തുള്ള കുടിയേറ്റ കർഷകരുടെ കൈവശമുള്ള ഭൂമി പതിച്ചുകൊടുക്കുന്നത് എപ്രകാരമാണ്;

(സി) ഈയിനത്തിൽപ്പെടുന്ന കുടിയേറ്റ കർഷകരുടെ കൈവശമുള്ള ഭൂമി എത്ര ഹെക്ടർ വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ കൈവശമുള്ള സ്ഥലം പതിച്ചുനൽകാൻ കഴിയില്ല. വനഭൂമി, കുടിയേറ്റക്കാർക്ക് പതിച്ചുനൽകുന്നതിന് കേന്ദ്രഗവണ്മെന്റിൽ നിന്നും ലഭിച്ച അനുമതിയിലെ നിബന്ധനകൾ അനുസരിച്ച് ഇത്തരം കുടിയേറ്റക്കാരെ മാറ്റിപ്പാർപ്പിക്കയും കുടിയേറ്റ കൈവശങ്ങൾ ക്രമവൽക്കരിക്കുമ്പോൾ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അനുവദനീയമായ സ്ഥലത്തിൽ കൂടുതൽ സ്ഥലം ലഭിച്ച കുടിയേറ്റക്കാരിൽനിന്നും അവ തിരിച്ചെടുത്ത് വന്യമൃഗസംര

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണ ഏരിയായിലും, പെരിയാർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലുമുള്ള അർഹരായ കുടിയേറ്റക്കാർക്ക് ആ സ്ഥലം നൽകാവുന്നതുമാണ്.

(സി) കോട്ടയം ജില്ലയിൽ സെറ്റിൽമെന്റ് ഏരിയായിൽ 245.67.61 ഹെക്ടറും പെരിയാർ ടൈഗർ റിസർവ് ഏരിയായിൽ 502.72.30 ഹെക്ടറും ഈയിനത്തിൽപ്പെട്ട ഭൂമിയിലുള്ളതായി കണക്കാക്കുന്നു.

(27-12-1999-ലെ നക്ഷത്ര ചിഹ്നമിടാത്ത 1477, 1592 എന്നീ നമ്പർ ചോദ്യങ്ങളുടേയും 28-12-1999-ലെ നക്ഷത്ര ചിഹ്നമിടാത്ത 1733-ാം നമ്പർ ചോദ്യത്തിന്റേയും ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly